# ഉരുകുന്ന മനസ്സ്

**വാസുദേവ് പുളിക്കൽ**

പ്രിയമുള്ളവർ ദേഹം വെടിഞ്ഞാലും
വിട്ടു പോകുന്നില്ലവർ നമ്മേ.
ഏകാഗ്രതയിൽ ചിറകു വിരിയും
നമ്മുടെയോർമ്മയിലവർ ജീവിക്കുന്നു.
ഇന്നലെ ഉറങ്ങാൻ കിടന്നപ്പോൾ
അമ്മയുടെയോർമ്മ നീർച്ചാലുപോലെൻ
മനസ്സിലേക്കൊഴുകിയൊഴുകി വന്നു.
ദുഃഖത്തിന്നാഴക്കടലിൽ ഇളകിമറിയുമീ
ഓർമ്മകളിലില്ലൊന്നുമേ താലോലിക്കാൻ.

തോളിലേഴു പെൺകുട്ടികളുടെ ഭാരം
പാടത്തു പണിയെടുക്കും കർഷകർക്കൊപ്പം
വയലിൽ മൂവന്തിയോളം പണിയെടുത്തെത്ര
തളർന്നിട്ടുണ്ടാകുമാ ശരീരവും മനസ്സും.
സൂര്യതാപത്തിലിരുണ്ടമ്മയുടെ മുഖകാന്തി.
ദുഃഖച്ചൂടിലെരിഞ്ഞു നിന്നമ്മയുടെ മനസ്സ്.
കാലിടറാതെ മുന്നോട്ടു പോയയമ്മ
പ്രലോഭനത്തിൽ കുടുങ്ങിയില്ലൊട്ടുമേ
സാന്ത്വനത്തണലിനായ് കൊതിച്ചെങ്കിലും
ഭയത്താൽ തുണയായ് സ്വീകരിച്ചില്ലാരേയും.
മനസ്സുരുകിയ ഏകാകിയുടെ ഗദ്ഗദം
അന്തരീക്ഷവായുവിലലിഞ്ഞു പോയ്.

കർമ്മനിരതയായമ്മ കർത്തവ്യങ്ങൾ
ഒന്നൊന്നായ് നിറവേറ്റി സ്വസ്ഥയായ്.
വാർദ്ധ്യക്യത്തിലുള്ളതു പകുത്തുകൊടുത്തും
പേരക്കുട്ടികളെ തലോലിച്ചും സുന്തുഷ്ടയായ്.
മാറി മാറിയുള്ള മരുമക്കളുടെ ഔദാര്യത്തിൽ
സ്വന്തമിടമില്ലെന്ന ചിന്ത അമ്മയെയലട്ടിയോ?
വിലക്കുകളിൽ അമ്മയുടെ മനം നൊന്തുവോ?
തൂവെളിച്ചം നൽകാൻ ജീവിതത്തിരിയിലില്ലെണ്ണ
എരിയുന്നത് കരിന്തിരിയെന്നു തോന്നിയോ?

പലവട്ടം വിളിച്ചിട്ടും നിൽക്കാതെ, മിണ്ടാതെ
മൗനത്തിൻ വലയത്തിലൊതുങ്ങിയയമ്മ
കണ്ണീരിൽ കുളിച്ച് കോടിയുടുത്ത് ഭർത്താവിൻ
ചിതാകുംഭം കയ്യിലെടുത്തു പോയതെങ്ങോട്ട്?
പുണ്യനദിയുടെ പുണ്യത്തിനു മാറ്റുകൂട്ടും
ഭഗീരഥി-മന്ദാകിനി സംഗമത്തിലേക്കോ?

മക്കളുടെ തേങ്ങലുകൾ ചിതയുടെ സൂചനയോ?
ബഷ്പാജ്ഞലിയായോയവരുടെ കണ്ണീർകണങ്ങൾ!